

# *Online Tax Payment* നടത്തുമ്പോൾ ഉപഭോക്താവ് അറിഞ്ഞിരിയ്ക്കേണ്ട കാര്യങ്ങൾ

കേരളാ മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേയ്മെന്റ് സംവിധാനം വഴി ഏതാനും സർവ്വീസുകളുടെ ഫീസും പുതിയ വാഹനങ്ങളുടെ നികുതിയും സ്വീകരിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. അതിനു ശേഷം മറ്റ് എല്ലാ സർവ്വീസുകളുടെയും ഫീസ്, സർവ്വീസ് ചാർജ്ജ് തുടങ്ങിയവയും ഇ-പേയ്മെന്റ് ആയി സ്വീകരിച്ചു തുടങ്ങി. ചില സാങ്കേതിക കാരണങ്ങളാൽ നിലവിലുള്ള വാഹനങ്ങളുടെ നികുതി സ്വീകരിയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഇതുവരെയും നടപ്പായിരുന്നില്ല.


ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ സ്മാർട്ട് മൂവ് സോഫ്റ്റ്‌വെയർ വെൽഫയർ ഫണ്ട് ബോർഡ്, ഇൻഷ്വറൻസ് ഇൻഫൊർമേഷൻ ബ്യൂറോ എന്നിവയുടെ ഡാറ്റാബേസുകളുമായി വെബ് സർവ്വീസുകൾ വഴി ബന്ധപ്പെടുവാനുള്ള സാങ്കേതിക സൌകര്യം വികസിപ്പിച്ചെടുത്ത് എല്ലാ തരത്തിലുമുള്ള നിലവിലുള്ള വാഹങ്ങളുടെ നികുതി ഓൺലൈൻ ആയി സ്വീകരിയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നു. ഈ സംവിധാനം നിലവിൽ വരുന്നതോടെ വ്യക്തിഗത വാഹനങ്ങളുടേയും, ചരക്കു വാഹനങ്ങളുടേയും, ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ത്രൈമാസ, വാർഷിക, പഞ്ചവാർഷിക നികുതി ഒടുക്കലുകൾ ഇനിമുതൽ ഓൺലൈനായി ചെയ്യാവുന്നതാണ്.ഓൺലൈൻ ആയി നികുതി അടയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അറിഞ്ഞിരിയ്ക്കേണ്ടതാണ്.

1. www.mvd.kerala.gov.in വെബ് സൈറ്റിൽ Tax Online payment ലിങ്കിൽ നികുതി അടയ്ക്കുന്നതിനുള്ള സൌകര്യം ലഭ്യമാണ്.







വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പരും, ചേസിസ് നമ്പരിന്റെ അവസാന അഞ്ച് അക്കങ്ങളും ശരിയായി രേഖപ്പെടുത്തിയതിനുശേഷം submit ബട്ടണിൽ ക്ലിക്ക് ചെയ്യണം




ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ ഇവ ചേർക്കണം



പ്രസ്തുത വാഹനത്തിന്റെ വിവരങ്ങൾ പുതിയ ഒരു പേജിൽ പ്രത്യക്ഷപ്പെടുന്നതും, ആയത് ശരിയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

- ❖ ശരിയായ വിവരങ്ങളല്ല എങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ സമീപിയ്ക്കേണ്ടതാണ്.

വാഹനത്തിന്റെ ഇൻഷ്വറൻസ് സംബന്ധമായ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഈ വെബ്പേജിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ടായിരിയ്ക്കും. ഇവ പരിശോധിയ്ക്കേണ്ടതും, എന്തെങ്കിലും വ്യത്യാസമുള്ള പക്ഷം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ സമീപിയ്ക്കേണ്ടതുമാണ്.


ഇൻഷ്വറൻസ് വിവരങ്ങൾ ലഭ്യമല്ലായെങ്കിൽ, നികുതി ദാതാവിന് തന്നെ, വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള കോളങ്ങളിൽ ശരിയായി പൂരിപ്പിച്ച് നൽകാവുന്നതാണ്. ഇങ്ങനെ നൽകുന്ന വിവരങ്ങൾ ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോയ്ക്ക് സമയബന്ധിതമായി അയച്ചുകൊടുത്തു പരിശോധിയ്ക്കുന്നതും, തെറ്റായ വിവരങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത വാഹന ഉടമയ്ക്കെതിരെ നിയമനടപടികൾ സ്വീകരിയ്ക്കുന്നതുമായിരിയ്ക്കും. സെൽഫ് ഡിക്ലറേഷൻ അംഗീകരിച്ച് ക്ലിക്ക് ചെയ്യണം.




*Next Button* ക്ലിക്ക് ചെയ്യുന്നതോടുകൂടി നികുതിയായി അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ, കമ്പ്യൂട്ടർ തനിയെ കണക്കു കൂട്ടുകയും, എല്ലാ വിവരങ്ങളും പുതിയ ഒരു വെബ് പേജിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

നികുതി കാലയളവ്, അധിക നികുതി, പലിശ എന്നിവയുടെ വിവരങ്ങളും ഈ വെബ് പേജിൽ ലഭ്യമായിരിയ്ക്കും

ട്രാൻസ്പോർട്ട് വാഹനം ആണെങ്കിൽ, ക്ഷേമനിധി കൃത്യമായി അടച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഈ പേജ് ലഭ്യമാവുകയുള്ളൂ.








➢ നികുതിയുടെ വിവരങ്ങൾ ശരിയാണെങ്കിൽ മാത്രം '*Confirm*' ബട്ടൻ ക്ലിക്ക് ചെയ്ത്, തുടർന്ന് വരുന്ന ഇ-ട്രഷറി പേജുകളിൽ കൂടി നെറ്റ് ബാങ്കിംഗ് മുഖാന്തിരം പേയ്മെന്റ് നടത്തുക


➢ വിവരങ്ങൾ ശരിയല്ലായെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ സമീപിയ്ക്കുക.

ഓരോ നികുതി അടവും ഓഫീസിൽ പരിശോധിയ്ക്കുകയും, യഥാർത്ഥമായി അടയ്ക്കേണ്ട തുകയേക്കാൾ അടച്ച തുകയിൽ എന്തെങ്കിലും വ്യത്യാസം കാണപ്പെട്ടാൽ ആയത് SMS, e-mail, വെബ്പേജ് മുഖാന്തിരം നികുതി ദാതാവിന് അറിയുവാൻ കഴിയും.

അടച്ച തുക കുറവ് ആണെങ്കിൽ ബാക്കി തുക കൂടി e-payment ആയി അടയ്ക്കേണ്ടതാണ്.

അടച്ച തുക കൂടുതലാണെങ്കിൽ കൂടുതലുള്ള തുകയ്ക്ക് റീഫണ്ട് അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്.






നികുതി അടവ് വിജയകരമായി പൂർത്തിയാക്കിയ നികുതി ദാതാവിന് ഉടൻതന്നെ താൽക്കാലിക രസീത് ലഭ്യമാകുന്നു. ഇതിന്റെ കാലാവധി ഏഴ് ദിവസമായിരിയ്ക്കും. ഈ ദിവസത്തിനകം ETL (ഇലക്ട്രോണിക് ടാക്സ് ലൈസൻസ്) ലഭ്യമായില്ലായെങ്കിൽ ബന്ധപ്പെട്ട റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ഫോൺ മുഖാന്തിരമോ, നേരിട്ടോ അറിയിയ്ക്കേണ്ടതാണ്.

ഇ-പേയ്മെന്റ് മുഖാന്തിരം പേയ്മെന്റ് നടത്തിയശേഷം, ഏതെങ്കിലും സാഹചര്യത്തിൽ പേയ്മെന്റ് തടസ്സപ്പെട്ടുപോയാൽ രണ്ടാമതൊരു ശ്രമം നടത്തുന്നതിനുമുൻപ് ആദ്യശ്രമം പരാജയപ്പെട്ടു എന്ന് തീർച്ചയാക്കേണ്ടതാണ്. അല്ലെങ്കിൽ ഇരട്ട പേയ്മെന്റിനുള്ള സാദ്ധ്യത കൂടുതലായിരിയ്ക്കും.

നികുതി ഒടുക്കിയ ഓരോ വാഹനത്തിന്റേയും വിവരങ്ങൾ അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭ്യമാകുന്നു. തുകയും, കാലയളവും, ഇൻഷ്വറൻസും മറ്റ് വിവരങ്ങളും ശരിയാണെന്ന് ഉറപ്പിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ബന്ധപ്പെട്ട അധികാരി ആ നികുതി അടവ് അംഗീകരിക്കുന്നു. തുടർന്ന്, അംഗീകരിച്ചു എന്നുള്ളതിന് ഒരു അറിയിപ്പ് SMS മുഖാന്തിരവും ഇ-മെയിൽ മുഖാന്തിരവും നികുതി ദാതാവിന് ലഭ്യമാകുന്നു.

ഓരോ നികുതി അടവും ഓഫീസിൽ പരിശോധിയ്ക്കുകയും, യഥാർത്ഥമായി അടയ്ക്കേണ്ട തുകയേക്കാൾ അടച്ച തുകയിൽ എന്തെങ്കിലും വ്യത്യാസം കാണപ്പെട്ടാൽ ആയത് SMS, e-mail, വെബ്പേജ് മുഖാന്തിരം നികുതി ദാതാവിന് അറിയുവാൻ കഴിയും.



GOVERNMENT OF KERALA
MOTOR VEHICLES DEPARTMENT
Form TR5(c) (See Rule 90(a) of KTC)

Table ID: 8
Transaction No: TL/3765/2017
Date : 10/04/2017
Payment Date : 16/08/2016
GRN : KLTESTDATA

| | |
|---|---|
| Office | : RTO, THRISSUR |
| Payee Name | : PARTNER |
| RegNo | : KL-07-AV-811 |
| Address | : KUMAR TAXIS |
| | : PALACE ROAD |
| | : KOCHI |
| Purpose | : eTax |
| Tax | : ₹ 8160.00 |
| Total Amount | : ₹ 8160.00 |
| Amount in words | : Eight Thousand One Hundred and Sixty Rupees Only |
| Bank Reference No | : KLBANKTEST Bank : SBI |

* This is a computer generated document and does not require any signature
* Any modification or misuse of this receipt is an offence which shall attract legal action and punishment

(Acknowledgement and applicant's copy)

IT Services NIC Kerala

അതിനുശേഷം നികുതി ദാതാവിന് വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഇലക്ട്രോണിക് ടാക്സ് ലൈസൻസ് (ETL) ഡൌൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്.